# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2248 05-02-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>റവന്യൂ വരുമാനത്തിലെ കുറവ് പരിഹരിക്കാൻ നടപടി</u>**

<table>
<tr><td>(എ)</td><td>2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;</td><td>2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര ഇനങ്ങളിൽ പ്രതീക്ഷിച്ച വരുമാനം ഇപ്രകാരം ആയിരുന്നു.<br>(തുക കോടിയിൽ)<br><table><tr><td>ഇനം</td><td>2016-17</td><td>2017-18</td></tr><tr><td>തനത് നികുതി</td><td>47,613.61</td><td>53,411.49</td></tr><tr><td>നികുതിയേതരം</td><td>11,359.52</td><td>12,037.79</td></tr></table></td></tr>
<tr><td>(ബി)</td><td>ഇതിൽ ഓരോ വർഷവും പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ എത്ര ശതമാനത്തിന്റ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ ;</td><td>2016-2017 കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര വരവുകളിൽ പ്രതീക്ഷിച്ച വരുമാനത്തേക്കാൾ യഥാക്രമം 11.42%, 14.61% ന്റെയും കുറവുണ്ടായിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താത്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെ പ്രസ്തുത ഇനങ്ങളിൽ യഥാക്രമം പ്രതീക്ഷിച്ച വരുമാനത്തിന്റെ 53.19%, 48.33% കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?</td><td>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളിലൂടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ആധുനികവത്ക്കരണത്തിലൂടെയും അഴിമതി നിർമ്മാർജ്ജനത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും റവന്യൂ വരുമാനം, വർദ്ധിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.</td></tr>
</table>

അക്കൗണ്ട്സ് ഓഫീസർ